**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **10-06-2024 - ൽ മറുപടിയ്ക്ക്**

**സർവ്വീസ് ആനുകൂല്യങ്ങൾ നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരവെ 2006ൽ അന്തരിച്ച ശ്രീ. ഗോപി വി.യുടെ സർവ്വീസ് ആനുകൂല്യങ്ങൾ നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (എ) | തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരിക്കെ 25.08.2006 ൽ മരണപ്പെട്ട വി.ഗോപിയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി 16 വർഷങ്ങൾക്കുശേഷം 18.07.2022 ലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 24.05.1999 ലെ GO (P) No.12/1999/P&ARD നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 02 വർഷത്തിനകവും അവകാശി മൈനർ ആണെങ്കിൽ മേജർ ആയി 03 വർഷത്തിനകവും ആണ്. നിശ്ചിത കാലയളവിനുള്ളിൽ നിർദ്ദിഷ്ട ഫോമിൽ ടിയാന്റെ അവകാശികളാരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല. 18.07.2022 ൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ടിയാന്റെ ഭാര്യ ശ്രീമതി.സുലോചനയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ 60 വയസ്സ് കഴിഞ്ഞിട്ടുള്ളതുമാണ്. ജീവനക്കാരൻ മരണപ്പെട്ട് 3 വർഷത്തിനുശേഷം പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ KSR Part III Rule 120 പ്രകാരം സർക്കാർ അനുമതി ആവശ്യമായതിനാൽ ആശ്രിത നിയമനത്തിനായും പെൻഷൻ ആനുകൂല്യങ്ങൾക്കായും ശ്രീ.ഗോപി.വി.യുടെ ഭാര്യ സമർപ്പിച്ച അപേക്ഷയിന്മേൽ സ്പഷ്ടീകരണത്തിനായി നഗരസഭ സെക്രട്ടറി തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അയച്ച 30.09.2023 ലെ കത്ത് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ